വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ആ മേഖലയിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ആദിവാസികളും അതുപോലെതന്നെ മറ്റു പിന്നോക്ക വിഭാഗങ്ങളിലുംപെട്ട കുട്ടികളാണുള്ളത്. അതുകൊണ്ട് നയപരമായി ഇതിനൊരു തീരുമാനമെടുക്കുമ്പോൾ അവിടെ മുൻഗണന കൊടുക്കാം. ഇപ്പോൾ നമുക്ക് എസ്.എസ്.എ. സ്കീമിൽ നിന്നും ചെയ്യാൻകഴിയുന്ന കാര്യങ്ങൾ ചെയ്യാം.

(18) കൊടുവള്ളി നിയോജകമണ്ഡലത്തിൽ 66 കെ. വി. വൈദ്യുതി സബ്സ്റ്റേഷൻ നിർമ്മാണം

ശ്രീ. സി. മമ്മൂട്ടി: സർ, എന്റെ നിയോജകമണ്ഡലമായ കൊടുവള്ളിയിൽ വൈദ്യുതി വിതരണത്തിലുള്ള തകരാർ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ രൂക്ഷമായ വോൾട്ടേജ് ക്ഷാമവും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇത് ശാശ്വതമായി പരിഹരിക്കുന്നതിനുവേണ്ടി 66 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, കൊടുവള്ളി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കൊടുവള്ളിയിൽ 66 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാധ്യതാ പഠനം നടത്തുന്നതിനുള്ള നിർദ്ദേശവും നൽകിക്കഴിഞ്ഞു.

(19) മൾട്ടി ലേണിംഗ് സെന്ററുകളിലെ ഇൻസ്ട്രക്ടർമാർക്കുള്ള ചെലവുകൾ

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾക്ക് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന പ്രദേശങ്ങൾ തെരഞ്ഞെടുത്തുകൊണ്ടാണ് മൾട്ടി ലേണിംഗ് സെന്ററുകൾ ആരംഭിച്ചത്. സംസ്ഥാനത്തെ 297 സെന്ററുകളിലായി 6555 കുട്ടികൾ പഠിക്കുന്നുണ്ട്. ഏകദേശം 600-ഓളം ജീവനക്കാരും ഈ രംഗത്ത് പണിയെടുക്കുന്നുണ്ട്. അവർക്ക് ഒരു ശമ്പളവും കൊടുക്കുന്നില്ല. ഇത് സംരക്ഷിക്കാനാവശ്യമായ ഒരു സംവിധാനവുമുണ്ടാകുന്നില്ല. മുമ്പ് ഡി.പി.ഇ.പി. ആയിരുന്നു ഇത് കോ-ഓർഡിനേറ്റ് ചെയ്തിരുന്നത്. ഇപ്പോൾ ജില്ലാ അടിസ്ഥാനത്തിൽ ബി.ആർ.സി. കളോ അതുപോലെതന്നെ ജില്ലാടിസ്ഥാനത്തിലുള്ള കോ-ഓർഡിനേറ്റിംഗ് സംവിധാനങ്ങളോ നിലവിലില്ലാത്തതുകൊണ്ട് ഇതാകെ കുത്തഴിഞ്ഞ നിലയിലാണ് കാര്യങ്ങൾ മുന്നോട്ടു പോകുന്നത്. അതുകൊണ്ട് അടിയന്തിരമായി ഇത് ചിട്ടപ്പെടുത്താനാവശ്യമായ സംവിധാനമുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, അങ്ങനെ കുത്തഴിഞ്ഞ നിലയിലല്ല, ഇത് full fledged ആയിട്ട് വരുന്നതേയുള്ളൂ. ആ കാര്യത്തിൽ ഡിപിഇപി-ക്ക് കൊടുത്തിരിക്കുന്നതുപോലെ അത്ര പണം കൊടുക്കാൻ ഇല്ല. കാരണം എല്ലാ ആവശ്യങ്ങൾക്കുമായി ഇത്ര ചെലവാക്കണം എന്നൊക്കെ പറഞ്ഞ് ഇതിൽ വ്യവസ്ഥയുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly